'റെയ്ഡ്കോ'-യെ ടെണ്ടറിൽ പങ്കെടുപ്പിക്കാൻ നടപടി

52 [2669] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിലെ വിവിധ വിതരണ കേന്ദ്രങ്ങൾക്കാവശ്യമായ സംസ്ക്കരിച്ച ഭക്ഷ്യ ധാന്യങ്ങൾ ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) ടെണ്ടറിൽ പങ്കെടുക്കുന്നതിന് സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പ്രകാരം സഹകരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ഇളവ് ലഭ്യമാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ടെണ്ടറിൽ പങ്കെടുക്കുന്ന സഹകരണ സ്ഥാപനങ്ങളെ സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ഇ.എം.ഡി. അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) സഹകരണ സ്ഥാപനമായ റെയ്ഡ്കോ-യെ കറി പൗഡർ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടറിൽ പങ്കെടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) ഗോതമ്പ് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടറിൽ പങ്കെടുക്കുന്നതിൽ നിന്ന് റെയ്ഡ്കോ-യെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ടെണ്ടറുകളിൽ റെയ്ഡ്കോ-യെ കൂടി പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രധാനപ്പെട്ട പത്രങ്ങളിൽ പരസ്യം ചെയ്താണ് ടെണ്ടർ വിളിക്കുന്നത്. വ്യവസ്ഥകൾ താഴെ പറയുന്നു:

1. സ്വന്തമായി സംസ്കരണ കേന്ദ്രം ഉണ്ടായിരിക്കണം.
2. സംസ്കരിക്കാനാവശ്യമായ യന്ത്ര സാമഗ്രികൾ ഉണ്ടായിരിക്കണം.
3. വിദഗ്ധ തൊഴിലാളികൾ ഉണ്ടായിരിക്കണം.
4. ആവശ്യത്തിനുള്ള സംഭരണ സൗകര്യം ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

5. ആവശ്യത്തിനുള്ള പ്രവർത്തന മൂലധനം ഉണ്ടായിരിക്കണം.

6. കോർപ്പറേഷൻ ആവശ്യത്തിനുള്ള അളവിൽ ഉൽപ്പാദിപ്പിക്കുവാനുള്ള ഉൽപ്പാദന ശേഷി ഉണ്ടായിരിക്കണം.

7. കോർപ്പറേഷൻ ടെണ്ടറിൽ നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം ഹാജരാക്കണം.

8. ഗുണമേൻമയുള്ള സംസ്ക്കരിച്ച ഉൽപ്പന്നത്തിന്റെ സാമ്പിൾ ഹാജരാക്കണം.

9. ഉൽപ്പന്നങ്ങൾ കോർപ്പറേഷന്റെ വിവിധ ഡിപ്പോകളിലേക്ക് എത്തിക്കുവാനുള്ള ഗതാഗത സൗകര്യം ഉണ്ടായിരിക്കണം.

(ബി & സി) കോർപ്പറേഷൻ വ്യാപാരത്തിനായി വാങ്ങുന്ന സംസ്ക്കരിച്ച ഭക്ഷണ സാധനങ്ങൾ സ്റ്റോർ പർച്ചേസ് മാനുവലിന്റെ പരിധിയിൽ വരുന്നില്ല. അതിനാൽ സഹകരണ സംഘങ്ങളെ ഇ. എം. ഡി. അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

(ഡി & ഇ) നിശ്ചിത നിരതദ്രവ്യം അടക്കാത്തതിനാൽ റെയ്ഡ്കോ-യെ ഒഴിവാക്കിയിട്ടുണ്ട്.

(എഫ്) സ്വന്തമായ ഗോതമ്പ് സംസ്കരണ കേന്ദ്രം ഇല്ലാത്തതുകൊണ്ടാണ് റെയ്ഡ്കോ-യെ ഒഴിവാക്കിയത്.

(ജി) ഓപ്പൺ ടെണ്ടറിന്റെ നിബന്ധനകൾ പ്രകാരം ഇനി ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആട്ടോ ഗ്യാസ് വിതരണ കേന്ദ്രങ്ങൾ

53 [2670] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുന്ന ആട്ടോ ഗ്യാസ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏതെല്ലാം സ്ഥലങ്ങളിൽ വിതരണം നടത്തുന്നുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly